# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 05.02.2018 ൽ മറുപടിക്ക്
ചോദ്യം നമ്പർ : 2358

## ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.വി രാജേഷ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയ്ക്കായി നാളിതുവരെ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോമീറ്ററാണ്. ഇതിൽ 503 കിലോമീറ്ററിലും 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.<br>കേരളത്തിലൊട്ടുക്കും ഇതുവരെയായി 107 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും, ഭൂമിയുടെ വിലയായും 56,49,17,663.00 രൂപ നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു. |
| (ബി) | കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരി ച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | കണ്ണൂർ ജില്ലയിലെ പൈപ്പ് ലൈനിന്റെ മൊത്തം നീളം 83 കിലോമീറ്ററാണ്. മൊത്തം കിലോമീറ്ററിലും 3(1), 6(1)വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഭൂമിയുടെ ഉപയോഗാവകാശം ഗെയിൽ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചനാമ തയ്യാറാക്കുന്ന നടപടികൾ ഏകദേശം പൂർത്തിയായി ക്കഴിഞ്ഞു. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരമായി 15,15,79,493.00 രൂപ കോംപീറ്റന്റ് അതോറിറ്റി പാസാക്കിക്കഴിഞ്ഞു. ഇതിൽ 6,83,67,307.00 രൂപ ഭൂവുടമകൾക്ക് |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു. കൈവശാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി വരുന്ന നഷ്ടപരിഹാരതുകയും പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും. |
| **(സി)** | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെടുന്നവർക്ക് നൽകു വാൻ തീരുമാനിച്ചിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | **(സി)** | കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേക്കായി പി & എം പി ആക്ട് & റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി വിവിധ സർക്കാർ ഏജൻസികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും വില വിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ നെൽവയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ നിരക്കിൽ നൽകി വരുന്നു.<br>ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി & എം പി ആക്ട്, 1962 സെക്ഷൻ 10(4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10 % നൽകേണ്ടതാണ്. എന്നാൽ ഈ നഷ്ടപരിഹാരം വളരെ കുറഞ്ഞുപോയി എന്ന പരാതി ഉയർന്നതിനാൽ കേരള സർക്കാർ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100% ന്യായവിലയും നൽകിവരുന്നു. കൂടാതെ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കു മ്പോൾ, പൈപ്പ് ലൈൻ വിന്യസിച്ചതിനു ശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസ ധനമായി നഷ്ടപരിഹാരം നൽകുന്നതാണ്. |

Bindu T

സെക്ഷൻ ഓഫീസർ